(സി) ഈ അദ്ധ്യയന വർഷത്തേക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി 631.67 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അത്രയും രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2015 നവംബർ 30 വരെ ഈ ഇനത്തിൽ 293.13 കോടി രൂപ ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(ഇ) ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കടിശ്ശികയൊന്നും നൽകാനില്ല.

അധ്യാപകനായ ശ്രീ. അച്ചുതൻ വടക്കയിലിന്റെ ഹയർസെക്കണ്ടറി പ്രൊമോഷൻ

15(2866) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറുടെ 29-9-2014-ലെ 30320/14 നമ്പർ ഉത്തരവുപ്രകാരം ബൈടാൻസ്സർ പ്രൊമോഷൻ ലഭിച്ചതും വയനാട് വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ നിയമിച്ചിട്ടുള്ളതുമായ ശ്രീ. അച്ചുതൻ വടക്കയിൽ എന്ന അധ്യാപകൻ പ്രസ്തുത സ്കൂളിൽ ജോയിൻ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രീ. അച്ചുതൻ വടക്കയിൽ, വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ ജോയിൻ ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല.

ടി.ടി.സി സപ്ലിമെന്ററി പരീക്ഷ

16(2867) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി. സപ്ലിമെന്ററി പരീക്ഷയ്ക്ക് എത്ര പേർ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ എത്രപേർ പരീക്ഷ എഴുതിയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഫലം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly